കേരളം സന്ദർശിച്ച വിദേശ സഞ്ചാരികൾ

307 (1005) ശ്രീ. മല്ലുക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-2014 കാലയളവിൽ കേരളം സന്ദർശിച്ച വിദേശ സഞ്ചാരികളുടെ എണ്ണം വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ;

(ബി) ഇതിൽ ഏറ്റവും അധികം ടൂറിസ്റ്റുകൾ ഏത് വിദേശ രാജ്യത്തുനിന്നാണ് വന്നെത്തിയതെന്ന് കണക്കാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) ഈ കാലയളവിൽ ടൂറിസത്തിൽനിന്നും ലഭ്യമായിട്ടുള്ള വരുമാനം വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2011-2014 കാലയളവിൽ കേരളം സന്ദർശിച്ച വിദേശ സഞ്ചാരികളുടെ വാർഷികാടിസ്ഥാനത്തിലുള്ള എണ്ണം ചുവടെ ചേർക്കുന്നു :

വർഷം	2011	2012	2013	2014
വിദേശ സഞ്ചാരികളുടെ എണ്ണം	732985	793696	858143	923366

(ബി) 2011-2014 - കാലയളവിൽ ഏറ്റവും അധികം ടൂറിസ്റ്റുകൾ വന്നെത്തിയത് യുണൈറ്റഡ് കിംഗ്ഡമിൽ നിന്നാണ്.

(സി) ഈ കാലയളവിൽ ടൂറിസത്തിൽ നിന്നും ലഭിച്ച വരുമാനം ചുവടെ ചേർക്കുന്നു :

വർഷം	വരുമാനം (കോടിയിൽ)
2011	19037.00
2012	20430.00
2013	22926.60
2014	24885.40

LIBRARY ARCHIVES Kerala Legislative Assembly